(ഡി) വനിതാ വി.ഇ.ഒ. തസ്തികയിൽ കഴിഞ്ഞ വർഷം എത്ര പേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 409 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) 666 അപേക്ഷകൾ ബാക്കിയുണ്ട്.

(സി) 9 പേർ അപേക്ഷിച്ചിട്ടുണ്ട്. അതിൽ ശ്രീമതി സഫീന വിവാഹിതയായതിനാൽ 12-4-2010-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 14/2010/ഉ.ഭ.പ.വ -ന്റെ വെളിച്ചത്തിൽ പുതുക്കിയ പ്രൊഫോർമ ആവശ്യപ്പെട്ടിട്ടുണ്ട്. അപേക്ഷകരുടെ പേരും മേൽവിലാസവും അനുബന്ധമായി ചേർക്കുന്നു. *

(ഡി) 2 പേർക്ക് നിയമനം നൽകി.

സദാശിവൻപിള്ള കമ്മീഷൻ റിപ്പോർട്ട്

37 (5712) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവ് (എംഎസ്.) 28/2008/ഐ.റ്റി.ഡി. പ്രകാരം ഐ.ടി. ഡിവിഷൻ രൂപീകരിക്കുന്നതിന് ശ്രീ. സദാശിവൻപിള്ള കമ്മീഷൻ റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിന്റെ പഠനത്തിനായി എത്ര രൂപയാണ് വിനിയോഗിച്ചിട്ടുള്ളത് ;

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ വകുപ്പുകളിലാണ് ഐ.ടി. ഡിവിഷൻ ആരംഭിക്കുന്നത് ; ഈ വകുപ്പുകളിൽ റിപ്പോർട്ട് പ്രകാരം യോഗ്യരായ എത്ര ജീവനക്കാരാണുള്ളത് ;

(ഡി) നിലവിൽ ഐ.ടി ഡിവിഷൻ രൂപീകരിക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1,40,000 രൂപ

(സി & ഡി) റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും പ്രാരംഭമായി ഇരുപത് വകുപ്പുകളിൽ നടപ്പാക്കാൻ തീരുമാനിക്കുകയും അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ് എന്നാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുന്നതിന് മുൻപായി ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതും ഇ-ഗവേർണൻസ് പുരോഗതി പ്രാപിച്ചിട്ടുള്ളതുമായ മറ്റു സംസ്ഥാനങ്ങളിലെ സ്ഥിതികൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച വിവരം കൂടി ശേഖരിച്ചുനൽകാൻ ഐ.ടി. മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly